**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 329** **08-06-2021 - ൽ മറുപടിയ്ക്ക്**

**പെട്രോൾ, ഡീസൽ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിനും ഡീസലിനും അടിക്കടിയുണ്ടാകുന്ന വില വർദ്ധനവ് സംസ്ഥാനത്തെ സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കിയതായി വിലയിരുത്തുന്നുണ്ടോ; | (എ) | പെട്രോളിനും ഡീസലിനും അടിക്കടിയുണ്ടാകുന്ന വില വർദ്ധനവ് സംസ്ഥാനത്തെ സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കിയതായി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | 2011-16 കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ ആഘാതം കുറയ്ക്കുന്നതിനായി എത്ര തവണ നികുതി നിരക്കുകളിൽ കുറവു വരുത്തി; വിശദമാക്കുമോ ; | (ബി) | 2011-16 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 6 തവണ വർദ്ധിപ്പിക്കുയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായിരുന്നു. |
| (സി) | 2016-21 കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ ; വിശദാംശം നൽകുമോ ; | (സി) | 2016-21 കാലയളവിൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി ഒരു തവണ കുറച്ചിട്ടുണ്ട്. തൽഫലമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയിരുന്നത് 2021-ൽ യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി. |
| (ഡി) | പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ദിനംപ്രതി വർദ്ധിക്കുന്ന സാഹചര്യത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ മാതൃക സ്വീകരിച്ച് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതിയിൽ കുറവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 2011-16 കാലഘട്ടത്തിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 6 തവണ വർദ്ധിപ്പിക്കുകയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് |

| | | | |
|---|---|---|---|
| | | | 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയി. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. 2016-ന് ശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ